**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4156** **03-03-2023 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീ മുഖേനയുള്ള സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കുടുംബശ്രീ മുഖേന നാളിതുവരെ എത്ര സംരംഭങ്ങളാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കുടുംബശ്രീ മുഖേന നാളിതുവരെ 44078 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ചെറുകിട, ഇടത്തരം, വൻകിട സംരംഭങ്ങൾ ആരംഭിക്കുവാൻ കുടുംബശ്രീ നടത്തുന്ന ഇടപെടലുകൾ സംബന്ധിച്ചും ഇതുവഴി സ്ത്രീ ശാക്തീകരണത്തിന് ഉണ്ടായ മാറ്റങ്ങൾ സംബന്ധിച്ചും വിശദമാക്കാമോ; | (ബി) | 1. സംരംഭങ്ങൾ ആരംഭിക്കുവാൻ താത്പര്യമുള്ള കുടുംബശ്രീ അംഗങ്ങൾ/കുടുംബാംഗങ്ങൾ എന്നിവരെ കണ്ടെത്തി പൊതു അവബോധ പരിശീലനം, സംരംഭകത്വ പരിശീലനം, നൈപുണ്യ പരിശീലനം എന്നിവ നടത്തി വരുന്നുണ്ട്.<br><br>2. സംരംഭങ്ങൾ ആരംഭിക്കാൻ താത്പര്യമുള്ളവർക്ക് മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്.<br><br>3. സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വിവിധ തരത്തിലുള്ള സാമ്പത്തിക സഹായം നല്കി വരുന്നുണ്ട്. ബാങ്ക് ലോൺ എടുക്കുന്നവർക്ക് പലിശ സബ്സിഡി, സ്റ്റാർട്ട് അപ് ഫണ്ട്, കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട്, ടെക്നോളജി ഫണ്ട് മുതലായവ നല്കി വരുന്നുണ്ട്.<br><br>4. ഒരേ വിഭാഗത്തിലുള്ള സംരംഭകരെ സംയോജിപ്പിച്ചുകൊണ്ട് കൺസോർഷ്യം, കോമൺ ഫെസിലിറ്റി സെന്ററുകൾ എന്നിവ ആരംഭിച്ചിട്ടുണ്ട്.<br><br>5. സംരംഭകർക്ക് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണന പിന്തുണാ സഹായങ്ങൾ നല്കി വരുന്നുണ്ട്.<br><br>രണ്ടു ലക്ഷത്തോളം സ്ത്രീകളെ സംരംഭത്തിലേയ്ക്ക് നയിക്കുന്നതിനും അതുവഴി ടി സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനും വഴി തെളിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് സ്വന്തമായി വരുമാനം |

| | | | |
|---|---|---|---|
| | | | നേടിയെടുക്കാനും അതുവഴി കുടുംബത്തിനു ആശ്രമാകാനും സാധിച്ചിട്ടുണ്ട്. |
| (സി) | കുടുംബശ്രീ ഉൽപന്നങ്ങൾ ഓൺലൈനായി വിപണനം ചെയ്യുന്നതിന് സ്വന്തമായി ഓൺലൈൻ പ്ലാറ്റ്ഫോം നിലവിലുണ്ടോയെന്നും സ്വകാര്യ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ അവ വിപണനം ചെയ്യുന്നതിന് പരിശീലനം നൽകുന്നുണ്ടോയെന്നും വിശദമാക്കുമോ? | (സി) | കുടുംബശ്രീ ഉല്പന്നങ്ങൾ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. കുടുംബശ്രീ ബസാർ എന്ന പേരിൽ കുടുംബശ്രീ സ്വന്തമായി ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 80 ലക്ഷത്തോളം രൂപയുടെ വിറ്റ വരവ് ഉണ്ടായിട്ടുണ്ട്. ടി ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഹോസ്റ്റിംഗുമായി ബന്ധപ്പെട്ട സെക്യൂരിറ്റി ഓഡിറ്റ് നടക്കുന്നതിനാൽ താത്കാലികമായി ഇപ്പോൾ പ്രവർത്തിപ്പിക്കുന്നില്ല. കൂടാതെ കുടുംബശ്രീ ഉത്പന്നങ്ങൾ ഒ.എൻ.ഡി.സി. പ്ലാറ്റ്ഫോമിലും ലഭ്യമാക്കിയിട്ടുണ്ട്. ആമസോൺ, ഫ്ളിപ്കാർട്ട്, മുതലായ സ്വകാര്യ ഇ-കൊമേഴ്സ് പോർട്ടലുകളിലും ലഭ്യമാണ്. കുടുംബശ്രീ ഉദ്യോഗസ്ഥർക്കും സംരംഭകർക്കും അവരുടെ ഉല്പന്നങ്ങൾ സ്വകാര്യ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ഓൺലൈനായി വിപണനം ചെയ്യുന്നതിനുള്ള പരിശീലനം നല്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ